(ബി) ഹൃദയ സംബന്ധമായ ഓപ്പറേഷൻ, ഡയാലിസിസ്, കിഡ്നി സംബന്ധമായ അസുഖങ്ങൾ, ക്യാൻസർ തുടങ്ങി ചെലവേറിയ ചികിൽസ വേണ്ടി വരുന്നവർക്ക് കൂടുതൽ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചികിൽസാ സഹായത്തിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ഡി) എത്ര പേർക്ക് സഹായം അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) ഓരോ അപേക്ഷകളിലും അനുവദിച്ചിട്ടുള്ള സംഖ്യ എത്രയെന്ന് വിശദമാക്കാമോ;

(എഫ്) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന പാവപ്പെട്ട കുടുംബത്തിലെ കുടുംബനാഥന്മാർ മരണപ്പെട്ടാൽ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുന്ന എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2001-02 വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 1086 രോഗികൾക്ക് 41,96,470 രൂപയും 2002-03 വർഷത്തിൽ 1016 രോഗികൾക്കായി 57,99,011 രൂപയും നൽകിയിട്ടുണ്ട്.

പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ട 53 പേർക്ക് 2001-2002-ൽ 2,24,450 രൂപ നൽകിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ളവർക്ക് പരമാവധി 25,000 രൂപ ചികിൽസാ ധനസഹായമായി നൽകിവരുന്നു. ഇത് വർദ്ധിപ്പിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി, ഡി, ഇ) പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ 23 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

ഓരോ അപേക്ഷകളിലും അനുവദിച്ചിട്ടുള്ള സംഖ്യ അടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) ഇല്ല.

കുഴൽമന്ദം നിയോജക മണ്ഡലത്തിലെ
പട്ടികജാതി-പട്ടികവർഗ്ഗ കോളനികൾ

84 [6055] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം നിയോജകമണ്ഡലത്തിൽപ്പെട്ട ഒമ്പത് പഞ്ചായത്തുകളിലായി എത്ര പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഏതെല്ലാം കോളനികളിലാണ് വൈദ്യുതിയും, കുടിവെള്ളവും എത്തിച്ചേർന്നിട്ടുള്ളതെന്നും ഏതെല്ലാം കോളനികളിലാണ് ഇവ എത്തിച്ചേർന്നിട്ടില്ലാത്തതെന്നും വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ നിലവിലുള്ള കോളനികളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനും ഗതാഗതം മെച്ചപ്പെടുത്താനും കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷം എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 317 പട്ടികജാതി കോളനികൾ ഉണ്ട്. പട്ടിക വർഗ്ഗ കോളനികൾ ഇല്ല.

(ബി) ഇവയിൽ 293 കോളനികളിൽ വൈദ്യുതിയും 287 കോളനികളിൽ കുടിവെള്ളവും ലഭ്യമാക്കിയിട്ടുണ്ട്. 24 കോളനികളിൽ വൈദ്യുതിയും 30 കോളനികളിൽ കുടിവെള്ളവും ലഭ്യമാക്കുവാനുണ്ട്. വിശദവിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(സി) ത്രിതല പഞ്ചായത്തുകൾ വഴിയാണ് ഈ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിവരുന്നത്.

വിവിധോദ്ദേശ്യ തൊഴിൽ ക്ലബ്ബുകൾ

85 [6056] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസം നേടിയ പട്ടികജാതി യുവാക്കളുടെ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കാൻവേണ്ടി വിവിധോദ്ദേശ്യ തൊഴിൽ ക്ളബ്ബുകൾ രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്ലമ്പിംഗ്, ഇലക്ട്രിക്കൽ, കാർപ്പെന്ററി, മേസ്സണറി, വീട്ടുപകരണങ്ങളുടെ അറ്റകുറ്റപ്പണി തുടങ്ങി നഗരനിവാസികൾക്ക് മെച്ചപ്പെട്ട ഗാർഹിക സേവനങ്ങൾ യഥാസമയം ലഭ്യമാക്കാൻ സാങ്കേതിക വിദ്യാഭ്യാസവും വൈദഗ്ദ്ധ്യവും സേവന തൽപ്പരതയുമുള്ള പട്ടികജാതി യുവതീയുവാക്കളെ തെരഞ്ഞെടുത്ത് മൾട്ടി പർപ്പസ് ജോബ് ക്ളബ്ബ് എന്ന പേരിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ പരിപാടിയുണ്ട്.

(ബി) ക്ലബ്ബ് ഒന്നിന് 5 ലക്ഷം രൂപയാണ് ചെലവിനായി പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതിൽ പട്ടികജാതി വകുപ്പ് വിഹിതം 3,20, 000 രൂപയും ബാങ്ക് വായ്പ 1,62,000 രൂപയും ഗുണഭോക്തൃ വിഹിതം 18,000 രൂപയുമാണ്.

നടപ്പുവർഷം ഇത്തരത്തിലുള്ള പത്ത് ക്ലബ്ബുകൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ. റ്റി. ഐ./ഐ. ടി. സി. തുടങ്ങിയ സാങ്കേതിക യോഗ്യതയുള്ള പത്ത് പേർ വീതമടങ്ങിയ ഈ ക്ലബ്ബുകൾ പട്ടികജാതി വികസന വകുപ്പിന്റെയും കുടുംബശ്രീയുടേയും സംയുക്താഭിമുഖ്യത്തിലായിരിക്കും പ്രവർത്തിക്കുക. നഗരത്തിൽ ഏറ്റവും തിരക്കുള്ളതും അനുയോജ്യവുമായ സ്ഥലത്തായിരിക്കും ക്ലബ്ബിന്റെ കേന്ദ്ര ആഫീസ്. സഞ്ചരിക്കുന്ന യൂണിറ്റായാണ് പ്രവർത്തനം രൂപകൽപ്പന ചെയ്തിട്ടുള്ളത് എന്നതിനാൽ ഓരോ യൂണിറ്റിനും 5 സെൽ ഫോൺ, ഒരു ലാൻഡ് ഫോൺ, 5 മോപ്പഡ് എന്നിവ വാങ്ങി നൽകും. കൂടാതെ പണികൾ നടത്താനാവശ്യമായ ഉപകരണങ്ങളും (ടൂൾ കിറ്റ്) ഓഫീസിനോടനുബന്ധിച്ച് ഒരു മിനി വർക്ക് ഷോപ്പും ഉണ്ടാകും. സേവനം ആവശ്യപ്പെട്ട് സന്ദേശം ലഭിച്ചാൽ ഉടൻതന്നെ സ്ഥലത്തെത്തി സേവനം നൽകേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly